മ ത്താ. 18 : 1 – 9

**2023 ഒക്ടോബർ 08**

# വചനസന്ദേശം

**ഫാ. ആന്റണി നടുവത്തുശ്ശേരി**

## Make a ‘U’Turn or a Surgical Removal

അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട വ്യക്തിയാണ് തത്വചിന്തകനും രാജ്യതന്ത്രജ്ഞനുമായ ബഞ്ചമിൻ ഫ്രാങ്ക്ളിൻ. ഫിലാഡൽഫിയായിലെ അദ്ദേഹത്തിന്റെ വീടിനു മുമ്പിലൂടെ ഒരു വഴിയുണ്ടായിരുന്നു. കല്ലും കുഴികളും നിറഞ്ഞ ഊടുവഴി. രാത്രിയിൽ ആ വഴി കടന്നുപോകുന്ന പലരും ഏറെ കഷ്ടപ്പെടുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം ഒരു റാന്തൽ വിളിക്കു തെളിച്ച് വീടിനു മുമ്പിലുള്ള മരത്തിൽ തൂക്കിയിട്ടു. ആളുകൾ സന്തോഷത്തോടെ അതുവഴി യാത്ര ചെയ്തു. പലരും വന്ന് അദ്ദേഹത്തിനു നന്ദി പറഞ്ഞു. പിന്നീട് പലരും ഈ മാതൃക അനുകരിച്ചു. ഇതാണ് പിൽക്കാലത്ത് ലോകത്ത് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ആരംഭം.

പട്ടാളക്കാരനായിരുന്നു പക്കേമിയൂസ്. അദ്ദേഹം ഒരിക്കൽ ക്രൈസ്തവരുടെ ക്യാമ്പിലേക്കു കയറിച്ചെന്നു. അപരിചിതനായ ആ പട്ടാളക്കാരനെ തിക ഞ്ഞ സ്നേഹത്തോടെ ക്രൈസ്തവർ സഹോദരതുല്യം സ്വീകരിച്ചു. പട്ടാളക്കാരൻ അവരുടെ സ്നേഹവും വാത്സല്യവും കണ്ട് ചോദിച്ചു, ‘‘എന്താണിതിനു കാരണം?’’ ‘‘അങ്ങനെയാണ് ഗുരു ഞങ്ങളെ പഠിപ്പിച്ചത്’’ ക്രൈസ്തവരുടെ മറുപടി. ‘‘ആരാണ് നിങ്ങളുടെ ഗുരു’’ അവർ യേശുവിനെക്കുറിച്ച് ആ വിജാതീയനായ പട്ടാളക്കാരനോടു പറഞ്ഞു കേൾപ്പിച്ചു. അയാൾ ക്രിസ്തുവിൽ വിശ്വസിച്ചു സ്നാനമേറ്റു. സന്യാസിയായി, സന്യാസപ്രസ്ഥാനത്തിന്റെ ആരംഭംകുറിച്ച വലിയ വിശുദ്ധനായി, വിശുദ്ധ പക്കേമിയൂസ്.

രണ്ടു സംഭവങ്ങളിലും പതിവിൽ നിന്നും വ്യത്യസ്തമായി തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ പെരുമാറുന്ന വ്യക്തികളെ കാണാൻ സാധിക്കും. സമൂഹത്തിനും വ്യക്തിക്കും നന്മ കൈവരാൻ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രത്യയശാസ്ത്രത്തെ ധാർമ്മികത അഥവാ "Ethics" എന്ന് നമുക്ക് വിശേഷിപ്പിക്കാം. എന്നാൽ ക്രിസ്തീയ ധാർമ്മികത അഥവാ Christian Ethics ഇതിൽ നിന്ന് വ്യത്യസ്തമാണ്. യോഹന്നാന്റെ സുവിശേഷം 15:12–13 ക്രിസ്തീയ ധാർമ്മികതയ്ക്ക് അടിവരയിടുന്നു: ‘‘ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല.’’

വി. യോഹന്നാൻ ശ്ലീഹയുടെ സുവിശേഷത്തിലെ ഈ തിരുവചനവും, ആദ്യത്തെ രണ്ട് സംഭവങ്ങളും ഇന്നത്തെ സുവിശേഷത്തിലെ പ്രമേയവും ഒരു ക്രിസ്ത്യാനി എന്ന നിലയിൽ മൂന്ന് സർവസാധാരണമല്ലാത്ത ചുവടുകൾ എടു ത്ത് ജീവിതവിജയം നേടുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്. A complete 'U'Turn അഥവാ A Surgical Removal. വളരെ എളുപ്പത്തിലും ചുരുക്കത്തിലും പറയുകയാണെങ്കിൽ ‘‘ഞാൻ’’, ‘‘എന്റെ’’ എന്നീ രണ്ട് കൺസെപ്റ്റുകളെ ഇല്ലായ്മ ചെ യ്യുക. ഒരുപക്ഷേ, ഞാനും നിങ്ങളും സാമൂഹിക തലത്തിൽ ഈ വസ്തുത ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നുണ്ട്, ശ്രമിക്കുന്നതായി അഭിനയിക്കുന്നുണ്ട്. പോരാ, എന്റെ സ്വകാര്യ ജീവിതത്തിൽ നിന്നും ആരും കാണാത്ത എന്റെ വ്യക്തിതലങ്ങളിൽ നിന്നുപോലും ഈ ‘‘ഇത്തിക്കണ്ണികളെ’’ വേരോടെ അടർത്തിക്കളയണം. അങ്ങനെയെങ്കിൽ ഞാൻ സ്വർഗരാജ്യത്തിലെ വലിയവനാകും. ‘‘ഇമ്മണി ബലിയ ഒന്നാകും എന്റെ ഈശോയെപോലെ.’’

ഇന്നത്തെ സുവിശേഷത്തിൽ ഇതിന് നമ്മെ സഹായിക്കുന്ന മൂന്ന് "Q" 's നെ ഈശോ വിവരിക്കുന്നുണ്ട്.

1) Quality of Humility (Vv.1-4)

2) Quality of Responsibility (Vv.5-7)

3) Quality of Self-Renunciation (Vv.8-9)

### 1) Quality of Humility

ഈ കാലഘട്ടങ്ങളിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെടുകയും, മുതലാക്കപ്പെടുകയും ചെയ്യുന്ന ഒരു സ്വഭാവരീതിയാണ് ‘എളിമ.’ എല്ലാ കാര്യങ്ങൾക്കും ‘ആമ്മേൻ’ പറയുന്ന രീതിയല്ല ‘എളിമ’ എന്ന പുണ്യം അഥവാ സ്വഭാവഗുണം. നേരെമറിച്ച് അർഹിക്കുന്നത് അർഹിക്കുന്നവർക്ക് അർഹിക്കുന്ന രീതിയിൽ ബഹുമാനപുരസരം സമാധാനത്തോടെ നല്കുന്നതാണ് ഈ പുണ്യത്തിന്റെ

സ്വഭാവത്തിന്റെ പ്രത്യേകത. വ്യക്തിപരമായ താത്പര്യങ്ങളില്ലാതെ, സ്വന്തം മഹിമയും, പ്രശസ്തിയും കാംക്ഷിക്കാതെ ഒരുവനെ സമീപിക്കുന്നവനെ എളിമയുള്ളവൻ എന്ന് നമുക്ക് പേര് നല്കാം. ഇത് സ്വർഗരാജ്യത്തിലേക്കുള്ള ഒരു Entry ticket ആണ്.

**2) Quality of Responsibility**

പ്രകാശം ആകേണ്ടവരും പ്രകാശം നല്കേണ്ടവരുമാണ് ഓരോ ക്രി സ്ത്യാനിയും. മറ്റുള്ളവരെ പാപത്തിലേക്ക് നയിക്കുക അഥവാ പാപം ചെയ്യാൻ പഠിപ്പിക്കുക എന്നത് ദൈവത്തിരുമുമ്പിൽ ഗൗരവമേറിയ ഒരു തിന്മയായിട്ട് പരിഗണിക്കുന്നതാണ്. കാരണം ഒരു ക്രിസ്ത്യാനി ഒരു തുറന്ന സുവിശേഷമാകണം. അവൻ ആയിരിക്കുന്ന മേഖലയിൽ അനേകർ അവനാകുന്ന സുവിശേഷം വായിച്ച് സുവിശേഷത്തിലെ കേന്ദ്രബിന്ദുവായ ഈശോയുമായി അനുരൂപപ്പെടണം, ഇത് ക്രിസ്തുവിനെ അടുത്തനുകരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ എന്റെയും നിങ്ങളുടെയും പ്രധാന കടമയാണ്. ഇത്തരത്തിൽ തന്റെ വാക്കും, പ്രവൃത്തിയും ചിന്തയും സൂക്ഷ്മതയോടെ ക്രമീകരിച്ച് മറ്റുള്ളവരെ നന്മ തിരഞ്ഞെടുക്കാനും, നന്മയിൽ നിലനിൽക്കാനും പ്രേരിപ്പിക്കുന്നവൻ സ്വർഗത്തിലെ മുഖ്യനാകും എന്ന് ഈശോ അടിവരയിടുന്നു.

**3) Quality of Self-Renunciation**

"Human wants are unlimited." ഈ ഒരു തത്വത്തിലാണ് ലോകത്തിലെ ബിസിനസ്സ് സാമ്രാജ്യങ്ങൾ തങ്ങൾക്ക് വളർന്ന് പന്തലിക്കാനുള്ള ജീവജലവും ജീവവായുവും കണ്ടെത്തുന്നത്. വൈരുധ്യമെന്നോണം ക്രിസ്തീയ ധാർമ്മികത ‘പരിത്യാഗം’ എന്ന പനിനീർപുഷ്പവുമായി ആരംഭം മുതലെ അനേകരെ ആകർഷിക്കുന്നു. വിജയം ലക്ഷ്യം വച്ചിരിക്കുന്ന ഒരു കായികതാരമാകട്ടെ, വിദ്യാർത്ഥിയാകട്ടെ മറ്റാരുമാകട്ടെ വിജയമെന്ന ലക്ഷ്യം കൈവരിക്കാൻ ‘പരിത്യാഗ’മെന്ന നെല്ലിക്ക കഴിക്കണം.

എന്നെ ക്രിസ്തുവിൽനിന്നും അകറ്റുന്ന, എന്നാൽ എനിക്ക് താൽക്കാലിക സന്തോഷവും സംതൃപ്തിയും നല്കുന്ന, ഞാൻ സ്നേഹിക്കുന്ന ഒരു പിടി പേർസണലും സമൂഹ്യപരവുമായ തിന്മകളെ പരിത്യാഗപൂർവമായി എന്നിൽ നിന്ന് വേർതിരിക്കാൻ ഞാൻ ധൈര്യപ്പെടുമ്പോൾ സ്വർഗമെന്ന വിജയവും, സ്വർഗത്തിൽ വസിക്കുന്നവനും മറ്റുള്ളവയും എന്നിലേക്ക് കൂട്ടിച്ചേർക്കപ്പെടും.

എങ്ങനെ ലോകത്ത് വലിയവനാകാമെന്നു വ്യഗ്രതപ്പെടുന്നവനാണ് മനുഷ്യൻ. എങ്ങനെ ഏറ്റം ചെറിയവനാകാമെന്നു പഠിപ്പിച്ചവനാണ് യേശു. സ്വർഗംവിട്ട് എന്നെ സ്വന്തമാക്കാൻ ഭൂമിയിലിറങ്ങി മനുഷ്യനായി ത്തീരുന്നവനാണ് ദൈവപുത്രൻ. സ്വർഗരാജ്യത്തിൽ വലിയവനാകാൻ ചെയ്യേണ്ട മൂന്ന് "Q"സും കൈയിൽ/ജീവിതത്തിൽ കരുതി നമുക്കൊരുമിച്ച് ഒരു 'U'Turn എടുക്കാം, വലുതാകാൻ വേണ്ടി ചെറുതാകാം. F